പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.900 — 09.08.2017-ലെ മറുപടി

## തിരുനാവായ കുടിവെള്ള പദ്ധതി

**ചോദ്യം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

**മറുപടി**

മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ തിരുനാവായ കുടിവെള്ള പദ്ധതിയുടെ പ്രയോജനം വളാഞ്ചേരി പ്രദേശത്തെ ഉയർന്ന പ്രദേശങ്ങളിൽ ലഭ്യമാക്കണമെന്നത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

എ) പ്രസ്തുത ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് തിരുനാവായ കുടിവെള്ള പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായുള്ള പ്രവൃത്തികൾ എം.പി ഫണ്ട് ലഭ്യമാക്കി ദർഘാസ് ചെയ്ത് കരാർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ബി) 2715/M(WR)VIP/2017 എന്ന നമ്പരിലുള്ള ഫയലിൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

ബി) 30.06.2017 തീയതിയിലുള്ള 2715/M(WR)/VIP/2017 എന്ന നമ്പരിലുള്ള തപാൽ വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സി) വളാഞ്ചേരിയിലെ ഉയർന്ന പ്രദേശങ്ങളിൽ ജലം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

സി) വളാഞ്ചേരി പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ തോന്നിക്കൽ, ചീരാണി കോളനികളിലേയ്ക്കും കാർത്തലയിലേയ്ക്കും കുടിവെള്ളം എത്തിക്കുന്നതിന് ബഹു.എം.പി ഇ.ടി മുഹമ്മദ് ബഷീറിന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും യഥാക്രമം 10.20 ലക്ഷം, 5 ലക്ഷം എന്നീ തുകകൾ അനുവദിച്ചതിനെ തുടർന്ന് പ്രവൃത്തികൾ ദർഘാസ് ചെയ്ത് കരാർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഡി) ജലവിഭവ വകുപ്പ് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഡി) മേൽ പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Renuka Sankar

സെക്ഷൻ ഓഫീസർ